**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1015** **14-10-2026-ൽ മറുപടിയ്ക്ക്**

**എഫ്.ഐ.എം.എസ്. സോഫ്റ്റ്‌വെയർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഫിഷറീസ് വകുപ്പിന്റെ എഫ്.ഐ.എം.എസ്. സോഫ്റ്റ്‌വെയർ പരിഷ്കരിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള എല്ലാ സേവനങ്ങളും ഓൺലൈനാക്കാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ; ഉണ്ടെങ്കിൽ, വിശദമാക്കാമോ;

**മറുപടി:** ഫിഷറീസ് വകുപ്പിന്റെ എഫ്.ഐ.എം.എസ് സോഫ്റ്റ് വെയർ പരിഷ്കരിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള എല്ലാ സേവനങ്ങളും ഘട്ടം ഘട്ടമായി ഓൺലൈനാക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിന്റെ ആദ്യഘട്ടമായി മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി എന്നിവരുടെ അംഗത്വവും തണൽ, പെൻഷൻ അനുവദിക്കൽ,സമ്പാദ്യ സമാശ്വാസ പദ്ധതി തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പും നിലവിൽ ഫിംസ് സോഫ്റ്റ് വെയർ (FIMS) മുഖേന ഭാഗികമായി നടപ്പാക്കി വരുന്നു. വിവിധ സർട്ടിഫിക്കറ്റുകൾ നൽകുന്നതും ധനസഹായം വിതരണം ചെയ്യുന്നതുമായ വകുപ്പിന്റെ എല്ലാ പദ്ധതികളും പൂർണമായും ഫിംസ് സോഫ്റ്റ് വെയർ മുഖേന നടപ്പാക്കുന്നതിനാണ് ഫിഷറീസ് വകുപ്പ് ലക്ഷ്യമിടുന്നത്.

**(ബി)** ഇതിൽ പേയ്മെന്റ് ഗേറ്റ്‌വേ സംവിധാനം ഏർപ്പെടുത്തി മത്സ്യത്തൊഴിലാളി വിഹിതം ഒടുക്കുന്നതിനുള്ള സൗകര്യം ഒരുക്കുമോ; ഇതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, എന്ന് മുതൽ നടപ്പാക്കും; വിശദമാക്കുമോ;

**മറുപടി:** ഇ-ട്രഷറി പേയ്മെന്റ് ഗേറ്റ് വേ സംവിധാനം ഫിംസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നിലവിൽ NIC കേരള മുഖേന ടെസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ടെസ്റ്റിംഗ് വിജയകരമാണെന്ന് ഉറപ്പായാൽ ആപ്ലിക്കേഷൻ ലൈവ് സംവിധാനത്തിലേക്ക് മാറ്റുന്നതാണ്. ഇതോടുകൂടി മത്സ്യത്തൊഴിലാളി വിഹിതം ഒടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകും. സമ്പാദ്യ സമാശ്വാസ പദ്ധതി വിഹിതം ഫിംസ് സോഫ്റ്റ് വെയർ മുഖേന ഒടുക്കുന്നതിനുള്ള സൗകര്യവും ലഭ്യമാകും. അക്ഷയ കേന്ദ്രങ്ങളുടെ പങ്കാളിത്തത്തോടുകൂടി കൃത്യത ഉറപ്പാക്കിയാണ് സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നത്.

**(സി)** സമ്പാദ്യ സമാശ്വാസ പദ്ധതി വിഹിതം ഒടുക്കുന്നതിന് പേയ്മെന്റ് ഗേറ്റ്‌വേ സംവിധാനം ഏർപ്പെടുത്തി കൃത്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; അക്ഷയ കേന്ദ്രങ്ങളെക്കൂടി ഇതിൽ പങ്കാളികളാക്കുമോ?

**<u>മറുപടി:</u>** ഇ-ട്രഷറി പേയ്മെന്റ് ഗേറ്റ് വേ സംവിധാനം ഫിംസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നിലവിൽ NIC കേരള മുഖേന ടെസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ടെസ്റ്റിംഗ് വിജയകരമാണെന്ന് ഉറപ്പായാൽ ആപ്ലിക്കേഷൻ ലൈവ് സംവിധാനത്തിലേക്ക് മാറ്റുന്നതാണ്. ഇതോടുകൂടി മത്സ്യത്തൊഴിലാളി വിഹിതം ഒടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകും. സമ്പാദ്യ സമാശ്വാസ പദ്ധതി വിഹിതം ഫിംസ് സോഫ്റ്റ് വെയർ മുഖേന ഒടുക്കുന്നതിനുള്ള സൗകര്യവും ലഭ്യമാകും. അക്ഷയ കേന്ദ്രങ്ങളുടെ പങ്കാളിത്തത്തോടുകൂടി കൃത്യത ഉറപ്പക്കിയാണ് സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നത്.

**സെക്ഷൻ ഓഫീസർ**